# കണ്ണൂർ സർവ്വകലാശാല

# (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2022 കെ. യു എച്ച്. ക്യു., തീയതി: 29.12.2023

പ്രസിദ്ധീകരണത്തിന്

## മൂന്നാം സെമസ്റ്റർ ബിരുദ മേഴ്സി ചാൻസ് പരീക്ഷ

അഫിലിയേറ്റഡ് കോളേജുകളിൽ 2014 മുതൽ 2016 വരെയുള്ള വർഷങ്ങളിൽ പ്രവേശനം നേടിയ ബിരുദ വിദ്യാർത്ഥികൾക്കുള്ള **മൂന്നാം സെമസ്റ്റർ ബിരുദ മേഴ്സി ചാൻസ് (നവംബർ 2023 )** പരീക്ഷകൾക്ക്പിഴയില്ലാതെ **16.01.2024 മുതൽ 22.01.2024 വരെയും പിഴയോടുകൂടി 24.01.2024 വരെയും** അപേക്ഷിക്കാം.മേഴ്സി ചാൻസ് പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും വിജ്ഞാപനത്തിൽ പ്രതിപാദിച്ച പ്രകാരം ഫീസ് അടച്ച് റീ രെജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. പരീക്ഷാ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് .

## ഹാൾടിക്കറ്റ്

- കണ്ണൂർ സർവകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിലെ **ഒന്നാം സെമസ്റ്റർ ബി.എ എൽ.എൽ.ബി** (റെഗുലർ/ സപ്ലിമെന്ററി), നവംബർ 2023 പരീക്ഷകളുടെ ഹാൾ ടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഓഫ് ലൈൻ ആയി അപേക്ഷിച്ച വിദ്യാർത്ഥികളുടെ ഹാൾടിക്കറ്റ് പരീക്ഷാ കേന്ദ്രത്തിൽ നിന്നും കൈപ്പറ്റേണ്ടതാണ്.ഹാൾ ടിക്കറ്റ് ലഭിക്കാത്തവർ എത്രയും പെട്ടെന്ന് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.
- 03 –01 –2024 ന ആരംഭിക്കുന്ന **ഒന്നാം സെമസ്റ്റർ ബിഎഡ്** (റഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) നവംബർ 2023 പരീക്ഷകളുടെ ഹാൾടിക്കറ്റ് സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രായോഗിക പരീക്ഷകൾ

**ഒന്നാം സെമസ്റ്റർ ബി.എ–ഭരതനാട്യം, എം.എ ഭരതനാ**ട്യം ഡിഗ്രി പ്രായോഗിക പരീക്ഷകൾ 2024 ജനുവരി 3 നും, **ഒന്നാം സെമസ്റ്റർ ബി.എ മ്യൂസിക്** പ്രായോഗിക പരീക്ഷകൾ 2024 ജനുവരി 4 നും പിലാത്തറ ലാസ്യ കോളേജ് ഓഫ് ഫൈൻആർട്സിൽ വച്ച് നടത്തപ്പെടുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്

**<u>പരീക്ഷാഫലം</u>**

**ഒന്നാം സെമസ്റ്റർ എം എസ് സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റ അനലിറ്റിക്സ്** ഒക്ടോബർ 2022 (റഗുലർ – 2022 അഡ്മിഷൻ) പരീക്ഷകളുടെ ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരക്കടലാസ് പുനർമൂല്യ നിർണയം/സൂക്ഷ്മ പരിശോധന/പകർപ്പ് ലഭ്യമാക്കല് എന്നിവക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 10 /01/ 2024.

**<u>ടൈംടേബിൾ</u>**

**07.02.2024 ന്** ആരംഭിക്കുന്ന **പ്രൈവറ്റ് രെജിസ്ട്രേഷൻ അഞ്ചാം സെമസ്റ്റർ ബിരുദ** (റെഗുലർ/ സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ്– നവംബർ 2023) പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

**ഒപ്പ് /-**

**അസിസ്റ്റന്റ് രജിസ്ട്രാർ I**

**പരീക്ഷാ വിഭാഗം.**